പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ :2004 08.03.2018 ലെ മറുപടിക്ക്

**മണ്ണ്-ജലസംരക്ഷണ പ്രവർത്തനങ്ങൾക്ക് കയർ ഭൂവസ്ത്രം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.യു. ആർ. പ്രദീപ് | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) ഹരിത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി മണ്ണ്-ജലസംരക്ഷണ പ്രവർത്തനങ്ങൾക്ക് കയർ ഭൂവസ്ത്രം ഉപയോഗിക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നുണ്ടോ; | എ) ഹരിത കേരളം പദ്ധതിയുടെ ഭാഗമായി മണ്ണ്, ജല സംരക്ഷണ പ്രവർത്തനങ്ങൾക്ക് കയർ ഭൂവസ്ത്രം ഉപയോഗിക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. |
| ബി) ഇതിനകം എത്ര രൂപയുടെ കയർ ഭൂവസ്ത്രം ആണ് ഗ്രാമപഞ്ചായത്തുകൾക്കും മറ്റും കൈമാറിയിട്ടുള്ളത്; | ബി) 2017-18 കാലയളവിൽ നാളിതുവരെ 12,66,56,739.00/- രൂപയുടെ കയർ ഭൂവസ്ത്രം ഗ്രാമ പഞ്ചായത്തുകൾക്കും മറ്റും കൈമാറിയിട്ടുണ്ട്. |
| സി) കയർ ഭൂവസ്ത്ര പദ്ധതി വ്യാപകമായി നടപ്പിലാക്കുന്നതോടെ കയർ മേഖലയിൽ എത്ര തൊഴിലവസരങ്ങൾ കൂടുതലായി സൃഷ്ടിക്കുവാൻ കഴിയും എന്നാണ് പ്രതീക്ഷിയ്ക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ? | സി) കയർ ഭൂവസ്ത്ര പദ്ധതി നടപ്പിലാക്കുന്നതു വഴി 2017-18 സാമ്പത്തിക വർഷത്തിൽ 4,45,000 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെട്ടും എന്ന് കണക്കാക്കുന്നു. ഇത് കൂടാതെ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വഴിയും തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെടുന്നു. |

സെക്ഷൻ ഓഫീസർ